**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.297

25.04.2017-ൽ മറുപടിയ്ക്ക്

**തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന വിശദ വിവരങ്ങൾ നൽകാമോ; | (എ) | മറുപടി അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | പാരാമെഡിക്കൽ ഡിഗ്രി കോഴ്സായ ബാച്ച്‌ലർ ഡിഗ്രി ഇൻ കാർഡിയോ വാസ്കുലർ ടെക്നോളജി (BCVT) തുടങ്ങുന്നതിനുള്ള അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്. |
| (സി) | ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ ; ഇനം തിരിച്ച് വിശദമാക്കാമോ? | (സി) | മറുപടി അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

1982 ൽ പ്രവർത്തനമാരംഭിച്ച ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ വികസനത്തിന്റെ പാതയിലാണ്. പ്രവർത്തനങ്ങളുടെ ഏകദേശരൂപം താഴെ പറയുന്നു.

അക്കാദമിക് ബ്ലോക്കിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. (41.83 കോടി രൂപ). ഫർണിഷിംഗ് വർക്കുകൾക്കുവേണ്ടി നടപ്പുവർഷം 1 കോടി രൂപ അനുവദിക്കുകയും, നിർമ്മിതികേന്ദ്രം പ്രവർത്തികൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രീ ക്ലിനിക്കൽ വിഭാഗങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് വിഭാഗം എന്നിവ ഒരു മേൽക്കൂരയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നതിനു വേണ്ടി സജ്ജീകരിച്ചിട്ടുള്ള അക്കാദമിക് ബ്ലോക്കിന്റെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

18.31 കോടി രൂപ ചെലവിൽ പണിനടന്നുകൊണ്ടിരിക്കുന്ന പി.ജി. ക്വാർട്ടേഴ്സ്/ഹോസ്റ്റൽ (7 നില കെട്ടിടം -2, 3 നില കെട്ടിടം -3) എന്നിവയുടെ പ്രവൃത്തികൾ 50% പൂർത്തീകരിച്ചിട്ടുണ്ട്.

4.9 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പേ-വാർഡിന്റെ സിവിൽ വർക്കുകൾ 90% പൂർത്തീകരിച്ചിട്ടുണ്ട്. 4.50 കോടി രൂപ ചെലവിൽ 13-ാം ധനകാര്യകമ്മീഷൻ അനുവദിച്ച തുക ഉപയോഗിച്ച് എച്ച്. പി. എൽ വഴി പണി പൂർത്തീകരിച്ച 'സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ' പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദ്രവ മാലിന്യ നിർമ്മാർജനം ഇതോടെ സാധ്യമായിട്ടുണ്ട്. 2.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ലക്ച്ചറർ ഹാളുകളുടെ പണി 40% പൂർത്തീകരിച്ചിട്ടുണ്ട്.

1 കോടി രൂപയുടെ ഗസ്റ്റ് ഹൗസിന്റെ പണി 90% പൂർത്തീകരിച്ചിട്ടുണ്ട്. 2.85 കോടി രൂപയുടെ എസ്.സി/എസ്.ടി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പാരാമെഡിക്കൽ ലേഡീസ് ഹോസ്റ്റലിന്റെ പണി പൂർത്തീകരിച്ചു. 20 ലക്ഷം രൂപയുടെ ഫർണിച്ചർ വാങ്ങി. പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. 1 കോടി രൂപയുടെ കേന്ദ്ര ഫണ്ടും ശ്രീ. പി.കെ. ബിജു എം. പി. യുടെ 1 കോടി രൂപയുടെ ഫണ്ടും കൂടി നിർമ്മിച്ച ഡേ കെയർ (കീമോ)സെന്റർ ഉദ്ഘാടനം ഉടനെ നടത്തുന്നതാണ്.

13-ാം ധനകാര്യകമ്മീഷൻ ഫണ്ടുപയോഗിച്ച് 2 നിലകളുള്ള ജെറിയാട്രിക് കെയർ & റിസർച്ച് കെട്ടിടത്തിന്റെ പണി അവസാനഘട്ടത്തിലാണ്. 9.90 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണം, നടപ്പാത നിർമ്മാണം, ബസ്സ് വെയിറ്റിംഗ് ഷെഡുകൾ, ചുറ്റുമതിൽ നിർമ്മാണം, എന്നീ പ്രവർത്തികൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്.

റേഡിയോ തെറാപ്പി വിഭാഗത്തിനായി 'ലീനിയർ ആക്സലറേറ്റർ' വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കെ. എം. എസ്. സി. എൽ. മുഖേന നടത്തിയിട്ടുണ്ട്.

ടൈപ്പ്-1, ടൈപ്പ്-2 ക്വാർട്ടേഴ്സുകളുടെ ബ്ലോക്കുകളുടെ നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട്. കാത്ത് ലാബ്/ കാർഡിയോ തൊറാസിക് സർജറി ഡിപ്പാർട്ട്മെന്റ് എന്നിവ തുടങ്ങുന്നതിന് 14.13 കോടി രൂപ ലഭ്യമായിട്ടുണ്ട്. കാത്ത് ലാബ് ഉപകരണങ്ങൾ, വൈദ്യുതീകരണം തുടങ്ങി എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ട്. താത്കാലികമായി കാത്ത് ലാബിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. എന്നാൽ കാത്ത് ലാബ് പൂർണ്ണമായ തോതിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള കാർഡിയോതൊറാസിക് സർജറി ഡിപ്പാർട്ട്മെന്റ് തുടങ്ങേണ്ടതും തസ്തികകൾ (മെഡിക്കൽ, പാരാമെഡിക്കൽ മുതലായവ) സൃഷ്ടിക്കേണ്ടതും അത്യാവശ്യമാണ്. അതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

അത്യാഹിത വിഭാഗത്തിൽ ഡോക്ടർമാരുടെയും മറ്റ് അനുബന്ധജീവനക്കാരുടെയും കുറവുകൾ ഉണ്ടെങ്കിലും നിലവിൽ

സർജിക്കൽ/മെഡിക്കൽ ഐ.സി.യു. കൾ എല്ലാം പ്രവർത്തിക്കുന്നുണ്ട്. അത്യാഹിതവിഭാഗത്തിന്റെ നവീകരിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ 95 % പൂർത്തീകരിച്ചിട്ടുണ്ട്.

1.5 കോടി രൂപയുടെ ആർട്ടിഫിഷ്യൽ ലിമ്പ് ഫിറ്റിംഗ് സെന്റർ പണി കഴിപ്പിക്കുകയും ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് നടപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എത്രയും പെട്ടെന്ന് ആർട്ടിഫിഷ്യൽ ലിമ്പ് ഫിറ്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ആർട്ടിഫിഷ്യൽ ലിമ്പ് ഫിറ്റിംഗ് സെന്ററിലേക്കായി അവശ്യം സൃഷ്ടിക്കേണ്ട തസ്തികകളുടെ പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആശുപത്രി, കോളേജ് എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, നേഴ്സ്, മറ്റ് വിഭാഗം ജീവനക്കാർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും സജീവമായ പരിഗണനയിലുള്ളതുമാകുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായി ഗൈനക്കോളജി, ശിശുരോഗം, ശിശുരോഗ സർജറി വിഭാഗങ്ങൾ വ്യത്യസ്തങ്ങളായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ വിഭാഗങ്ങളെ എകീകരിച്ച് 'മെറ്റേണൽ ചൈൽഡ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട്' തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്. സമഗ്രമായ പ്രൊപ്പോസൽ (ഉദ്ദേശം 50 കോടി രൂപ) തയാറാക്കി വരുന്നു. നിലവിൽ 7.65 കോടി രൂപയുടെ 'മെറ്റേണൽ ചൈൽഡ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട്' പണി നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ 'മെറ്റേണിറ്റി അനെക്സ് ബിൽഡിംഗ്' (1.10 കോടി) പണി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

നിലവിൽ കേരള വാട്ടർ അതോറിറ്റി നൽകുന്ന ജലവും ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള ജലവും ഉപയോഗിച്ചാണ് മെഡിക്കൽ കോളേജ്/ ആശുപത്രി വിഭാഗങ്ങളുടെ വെള്ളത്തിന്റെ ആവശ്യകത (18 ലക്ഷം ലിറ്റർ പ്രതിദിനം) നിർവ്വഹിക്കുന്നത്. മെഡിക്കൽ കോളേജിൽ പുതിയ വിഭാഗങ്ങളും വികസനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലത്തിന്റെ ആവശ്യം ഉയർന്നുകൊണ്ടിരിക്കുന്നു. 3 പുതിയ കുളങ്ങളും കുഴൽക്കിണറുകളും ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ 2 കുഴൽകിണറുകളും 16 വാട്ടർ കിർലോസ്കറുകളും സ്ഥാപിക്കുന്നതിനും ജലം നിറച്ച് വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതി പൂർത്തീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 2

| ക്രമ നം. | തസ്തിക | വിഭാഗം | എണ്ണം |
|---|---|---|---|
| 1 | അസോസിയേറ്റ് പ്രൊഫസർ | സർജിക്കൽ ഓങ്കോളജി | 1 |
| 2 | അസോസിയേറ്റ് പ്രൊഫസർ | മെഡിക്കൽ ഓങ്കോളജി | 1 |
| 3 | അസോസിയേറ്റ് പ്രൊഫസർ | ഓങ്കോ പാത്തോളജി | 1 |
| 4 | അസിസ്റ്റന്റ് പ്രൊഫസർ | സർജിക്കൽ ഓങ്കോളജി | 2 |
| 5 | അസിസ്റ്റന്റ് പ്രൊഫസർ | മെഡിക്കൽ ഓങ്കോളജി | 2 |
| 6 | അസിസ്റ്റന്റ് പ്രൊഫസർ | സൈറ്റോ പാത്തോളജി | 2 |
| 7 | അസിസ്റ്റന്റ് പ്രൊഫസർ | ഓങ്കോ പാത്തോളജി | 1 |
| 8 | സ്റ്റാഫ് നേഴ്സ് ഗ്രേഡ് - 2 | സർജിക്കൽ ഓങ്കോളജി | 6 |
| 9 | സ്റ്റാഫ് നേഴ്സ് ഗ്രേഡ് - 2 | മെഡിക്കൽ ഓങ്കോളജി | 5 |
| 10 | ഓഡിയോളജിസ്റ്റ് കം സ്പീച്ച് പാത്തോളജിസ്റ്റ് | | 1 |

സെക്ഷൻ ഓഫീസർ